**കേരള സർക്കാർ**

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിക്കുന്നതിനും നിലവിലുള്ള കേരള ലാൻഡ് ഗവേണൻസ് സൊസൈറ്റി നിർത്തലാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ. (എം.എസ്) നം. 236/2018/റവന്യൂ തീയതി, തിരുവനന്തപുരം 25/06/2018.

==============================================================

**പരാമർശം.** 1) ലാന്റ് റവന്യൂ കമ്മീഷണറുടെ 02.06.2018 ലെ എൽ.ആർ.(ഐ.റ്റി സെൽ) 45851/2016 നമ്പർ കത്ത്

2) സ.ഉ.(കൈ) നം. 93/2012/റവന്യൂ തീയതി 03/03/2012

## <u>ഉത്തരവ്</u>

റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഭൂമിസംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനായി നടപ്പിൽ വരുത്തുക എന്ന ലക്ഷ്യത്തോടെയും, ഭാരത സർക്കാരിന്റെ ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ലാൻഡ് റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് (DoLR) നടപ്പിലാക്കുന്ന ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (DILRMP) എന്ന പദ്ധതി 2008-09 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ലാൻഡ് റിസോഴ്സസ് ഡിപ്പാർട്ട്മെന്റിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം കേരള ലാൻഡ് ഗവേണർസ് സൊസൈറ്റി (KLGS) എന്ന പേരിൽ രൂപീകരിച്ച പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) പ്രവർത്തനരഹിതമായ സാഹചര്യത്തിൽ കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM), കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് (KSLB) എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) എന്ന പേരിൽ ഒരു പുതിയ പി.എം.യു. രൂപീകരിക്കുന്നതിന് പരാമർശം കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാപരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിലധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കടസ്സൂൽ സർവേ ആധുനീകരിക്കുക, സർവേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുവാൻ സാധിക്കുന്ന ഒരു ക്രമീകരണം ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, "കേരള ലാന്റ് റിക്കാർഡ്സ്

മോഡണൈസേഷൻ മിഷൻ (KLRMM)" എന്ന പേരിൽ, ഈ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റെഗുലേഷനുകളോടും കൂടി ഒരു സൊസൈറ്റി രൂപീകരിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു. ഈ സൊസൈറ്റി, DILRMP മാർഗ്ഗരേഖകൾക്കനുസൃതമായി, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (PMU) ആയി പ്രവർത്തിച്ച്, പ്രസ്തുത പ്രോജക്റ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ്. നിലവിൽ, സർവ്വേ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM), ലാൻഡ് റവന്യൂ കമ്മീഷണറുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ പുതിയതായി രൂപീകരിക്കുന്ന KLRMM-ൽ സംയോജിപ്പിക്കേണ്ടതാണ്. കേരള ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനും സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

കൂടാതെ, നിലവിൽ നിഷ്ക്രിയമായ കേരള ലാൻഡ് ഗവേർണൻസ് സൊസൈറ്റി, Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955-ലെ 30(4)-ആം വകുപ്പ് പ്രകാരം പിരിച്ച് വിടേണ്ടതും, ഇതിന്മേലുള്ള തുടർനടപടികൾ സ്വീകരിക്കാൻ രജിസ്ട്രാറേയും ചുമതലപ്പെടുത്തുന്നു.

പരാമർശം ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുബ്രത ബിശ്വാസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സർവ്വേ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക്, തിരുവനന്തപുരം.
പ്രോജക്റ്റ് ഡയറക്ടർ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം
ജില്ലാ രജിസ്ട്രാർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.റ്റി മിഷൻ, തിരുവനന്തപുരം,
സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (Exp.B) വകുപ്പ്
നികുതി (ഇ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ